# ശബരിമല: ഭൂമി വിട്ടു കൊടുക്കേണ്ടെന്ന് ശുപാർശ

ശബരിമല: ശബരിമല വികസനത്തിന് ദേവസ്വം ബോർഡ് ആവശ്യപ്പെട്ട ഭൂമി നൽകണമോ എന്നതു സംബന്ധിച്ച് പഠിക്കാൻ നിയുക്തമായ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു. ശബരിമല വികസനത്തിന് കൂടുതൽ ഭൂമി ആവശ്യമില്ല എന്നതാണ് കമ്മിറ്റിയുടെ കണ്ടെത്തൽ. നിലവിലുള്ള ഭൂമി ഫലപ്രദമായി ഉപയോഗിച്ചാൽതന്നെ ദേവസ്വം ബോർഡ് ആവശ്യപ്പെട്ട സൗകര്യങ്ങൾ എല്ലാം ഭക്തജനങ്ങൾക്ക് ഒരുക്കിക്കൊടുക്കാൻ കഴിയുമെന്ന് കമ്മിറ്റി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കുടിവെള്ളവും ശുചിത്വവുമാണ് ശബരിമലയുടെ പ്രശ്നങ്ങളെന്നും അവ പരിഹരിക്കാനാണ് സത്വര നടപടികൾ വേണ്ടതെന്നും അതിന് കൂടുതൽ ഭൂമി നൽകിയതുകൊണ്ട് പ്രത്യേകിച്ച് പ്രയോജനമൊന്നും ഉണ്ടാകില്ല എന്നും കമ്മിറ്റി വിലയിരുത്തുന്നു.

ശബരിമല തീർത്ഥാടകരുടേയും, ദേവസ്വം ബോർഡിൻേറയും ഓരോ ആവശ്യങ്ങളും അക്കമിട്ട് പരിശോധിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. കൂടുതൽ വനഭൂമി ബോർഡിന് നൽകിയാൽ, അത് പരിസ്ഥിതിക്ക് നാശമുണ്ടാക്കുമെന്ന് റിപ്പോർട്ട് പറയുന്നു. പരിസ്ഥിതിക്ക് കോട്ടമുണ്ടാക്കാത്ത സന്തുലിതമായ 'വിശുദ്ധ പരിസ്ഥിതി പരിപാലനം' ശബരിമലയിൽ ആവശ്യമാണെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

വനഭൂമി വിട്ടുകൊടുക്കാനുള്ള കേന്ദ്ര ഗവൺമെൻറിൻെറ ഏകപക്ഷീയമായ ശ്രമം ഈ റിപ്പോർട്ട് തടസ്സപ്പെടുത്തും. ശബരിമല വികസനത്തിനായി ദേവസ്വം ബോർഡിന് വനംവകുപ്പ് മുമ്പേ കൈമാറിയ ഭൂമിയുടെ 40 ശതമാനം പോലും ഫലപ്രദമായി ഉപയോഗിച്ചിട്ടില്ല എന്ന കണ്ടെത്തൽ കൂടുതൽ ഭൂമി ആവശ്യപ്പെടാനുള്ള ദേവസ്വം ബോർഡിൻെറ ശ്രമങ്ങളെ താറുമാറാക്കും. ഇക്കാര്യത്തിൽ ബോർഡ് പ്രതികൂട്ടിലാകാനും സാധ്യതയുണ്ട്. പരിസ്ഥിതി വിദഗ്ദ്ധർ തയ്യാറാക്കിയ ഈ റിപ്പോർട്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനും അവഗണിക്കാനാവില്ല.